


# ഹേമഹസ്തം

# ആമുഖം

ഹേമാംബിക സംസ്കൃത ഹൈസ്കൂൾ കല്ലേക്കുളങ്ങരയിലെ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങളും മറ്റു വിദ്യാർത്ഥികളും അദ്ധ്യാപകരുടെയും പ്രവർത്തന ത്തിന്റെ ഫലമായി നിർമ്മിച്ച ഡിജിറ്റൽ മാഗസിനാണ് **"ഹേമഹസ്തം".**

കുട്ടികളിലെ സർഗവാസനകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചെറിയ കഥകൾ, കവിതകൾ, ദിനാചരണങ്ങൾ, അനുഭവങ്ങൾ, വിദ്യാലയത്തെ കുറിച്ചുള്ള വിവരങ്ങൾ, ചെറിയ ഉപന്യാസങ്ങൾ, പ്രകൃതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ, ദിനാച രണവുമായി ബന്ധപ്പെട്ട ക്വിസ് എന്നിവ ഉൾക്കൊള്ളിച്ചു കൊള്ളതാണ് **"ഹേമഹസ്തം".** അതിനായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടത്തുന്നു.


EMAMBIKA SANSKRIT HIGH SCHOOL
KALLEKULANGARA. PALAKKAD.

# <u>ആശംസ</u>

ആധുനിക മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇടം പിടിച്ച, പുതിയൊരു ജീവിതരീതിയായി തന്നെ സാങ്കേതിക വിദ്യ ഇന്ന് പരിണമിച്ചിട്ടു്. ഇന്റർനെറ്റ് പോലെയുള്ള വിവരങ്ങൾ കൈമാറാനുള്ള മറ്റ് പല ഉപാധികളും ജന ജീവിതത്തെയും പഠന രീതികളെയും തൊഴിൽ രംഗത്തെയും ആശയവിനിമയത്തെയും എല്ലാം പൂർണ്ണമായുംമാറ്റി മറിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ രംഗങ്ങളും പരമ്പരാഗത രീതികൾ വെടിഞ്ഞ് സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസത്തിന് ഇന്ന് മുൻതൂക്കം നൽകുന്നു. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഈ രംഗത്ത് അറിവു നേടേത് വളരെ അത്യാവശ്യമാണ്. അതു കൊ് തന്നെ ഈ രംഗത്തേക്ക് മറ്റു കുട്ടികളെ പരിശീലിപ്പിക്കാൻ നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പ്രത്യേകം അഭിനന്ദിയ്ക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും സംസ്കൃതാധ്യാപിക എന്ന നിലയിൽ നേരുന്നു.

"ശിവാസ്തേ സന്തു പന്ഥാന:"

**സംഗീത**
സംസ്കൃത അദ്ധ്യാപക

# വിദ്യാലയ മികവുകൾ

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൈറ്റ്സിന്റെ സഹായത്തോടെ വീഡിയോ കവറേജുകൾ നടത്തി വരുന്നു. ഓരോ ദിനാചരണങ്ങളും നന്നായി നടത്തി വരുന്നു. വിദ്യാരംഗം കലാസാഹിത്യ വേദി, സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസത്രരംഗം, ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതോത്സവം, റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഉണർവ്വ്, എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്തുന്ന വിധത്തിലുള്ള പ്രത്യേക പഠന പ്രവർത്തനങ്ങൾ, രാത്രികാല ക്ലാസ്സുകൾ, കൗൺസിലിങ്ങ് ക്ലാസ്സുകൾ എന്നിവ നടന്നു വരുന്നു. അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ അക്ഷരദീപം വിദ്യാഭ്യാസ പദ്ധതിയുടെ ആഭിമുഖ്യത്തിൽ യോഗ, സ്പോക്കൺ ഇംഗ്ലീഷ്, നീന്തൽ പരിശീലനം, TLM വർക്ക് ഷോപ്പ്, ക്യാമ്പുകൾ, കഥ–കവിത ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. കഥകളി ശിൽപശാലയും നടത്തി. വിദ്യാലയ ശുചിത്വസേനയുടെ ആഭിമുഖ്യത്തിൽ വിദ്യാലയ പരിസരം ശുചിയാക്കി വരുന്നു. 'നൈതികം'–ഇന്ത്യൻ ഭരണഘടന പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നു. JRC യൂണിറ്റ് വിദ്യാലയത്തിൽ ഉ്.

**--തൻസില--**

# <u>പഠന മികവ്</u>

എസ്.എസ്. എൽ.എസി തുടർച്ചയായി 100% വിജയം കൊയ്യുന്ന പാലക്കാട് ജില്ലയിൽ തന്നെ പ്രശസ്തമായ വിദ്യാലയമാണ് ഹേമാംബിക സംസ്കൃത ഹൈസ്കൂൾ. ഈ വർഷം 54 വിദ്യാർത്ഥികളാണ് നമുക്കുള്ളത്. അതിൽ മുഴുവൻ കുട്ടി കളേയും വിജയിപ്പിക്കുയും ഉയർന്ന ഗ്രേഡുകൾ നേടുവാനുള്ള പ്രത്യേക പരിശീലന ം നൽകി വരുന്നു്.

മറ്റ് ക്ലാസ്സുകളിലും പഠനം പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം നടന്നു വരുന്നു. അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക വിദ്യാഭ്യാസ പദ്ധതിയായ അക്ഷരദീപം വിദ്യാഭ്യാസ പദ്ധതിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക പരിശീലനം യു.പി., എച്ച്.എസ് വിഭാഗങ്ങളിൽ നടന്നു വരുന്നു.

# അനുസരണക്കേടിന്റെ ഫലം

മഹാവികൃതിയായ അണ്ണാൻകുഞ്ഞായിരുന്നു ചില്ലു. പുഴക്കരിയിലുളള മരത്തി ലായിരുന്നു ചില്ലുവിന്റെയും അമ്മയുടെയും താമസം.

“മോനെ... പുറത്തേക്കൊന്നും ഇറങ്ങല്ലേ. ഞാൻ വേഗം വരാം...” ഒരു ദിവസം അമ്മ അണ്ണാൻ ചില്ലുവിനോട് പറഞ്ഞു. അമ്മ പോയിക്കഴിഞ്ഞപ്പോൾ ചില്ലു പതിയെ കൂട്ടിൽ നിന്നും പുറത്തിറങ്ങി. മരച്ചില്ലയിലൂടെ ചാടിച്ചാടി നടക്കുന്ന ചില്ലുവിനെ സുപ്രൻ പരുന്ത് കു. ഒറ്റനിമിഷം കൊ് സുപ്രൻ ചില്ലുവിനെ റാഞ്ചിയെടുത്തു. പുഴയുടെ മറുകരയിലേക്ക് പറന്നു.

“ഹയ്യോ! രക്ഷിക്കണേ...” ചില്ലു ഉറക്കെ കരഞ്ഞു. ചില്ലുവിന്റെ കരച്ചിൽ മരക്കൊ മ്പിലിരുന്ന കാക്കമ്മ കേട്ടു. ചില്ലുവിനെ രക്ഷിക്കാൻ കാക്കമ്മ തീരുമാനിച്ചു. കാക്കമ്മ വേഗം പറന്നുചെന്ന് സുപ്രന്റെ കണ്ണുകളിൽ കൊത്തി.

“ഹീയ്യോ” കണ്ണിൽ കൊത്തേറ്റ വെപ്രാളത്തിൽ സുപ്രൻ പരുന്ത് ചില്ലുവിന്റെ ലേലുളള പിടിവിട്ടു. ചില്ലു പുഴയുടെ അക്കരെയുള്ള പുൽമേട്ടിലേക്ക് വീണു. “ങീ..ങീ... ഞാനങ്ങനെ പുഴക്കടന്ന് എന്റെ കൂട്ടിലെത്തും”. ചില്ലുകരയാൻ തുടങ്ങി.

“നീ വിഷമിക്കേ, എന്റെ കൂട്ടുകാരൻ പൊന്നൻ ആമ ഇവിടെയാ താമസം. പൊന്നൻ നിന്നെ അക്കരെ എത്തിക്കും”. കാക്കമ്മ ചില്ലുവിനെ സമാധാനിപ്പിച്ചു. പൊന്നൻആമ ചില്ലുവിനെ തന്റെ പുറത്തുകയറ്റി അക്കരെ എത്തിച്ചു. കാക്കമ്മയിൽ ന ിന്നും വിവരങ്ങൾ അറിഞ്ഞ അമ്മ അണ്ണാൻ ചോദിച്ചു. “അനുസരണക്കേട് ആപ ത്താണ് എന്നു മനസ്സിലായോ?”

ചില്ലുവിനു തെറ്റ് മനസ്സിലായി. പിന്നീടൊരിക്കലും അവൻ അനുസരണക്കേടു കാട്ടിയിട്ടേയില്ല.

***ശ്രീദിവ്യ.എം***
**VIII.A**

# ആർത്തി മാറി

ഒരിടത്ത് ഒരു അപ്പുപ്പനുായിരുന്നു. അപ്പൂപ്പന് ഒരു മാന്ത്രികച്ചട്ടിയു്. അപ്പൂപ്പൻ എപ്പോൾ അപ്പം വേണമെന്നും പറഞ്ഞാലും മാന്ത്രിക ചട്ടിയിൽ നിറയെ നല്ല സ്വാദുള്ള അപ്പമുാകും.

ഒരു ദിവസം ആർത്തിക്കാരൻ കോമുണ്ണി അപ്പുപ്പന്റെ വീട്ടിലെത്തി. അപ്പൂപ്പൻ കളിയൊക്കെ കഴിഞ്ഞ് അപ്പം തിന്നാനുള്ള ഒരുക്കത്തിലായിരുന്നു "കുഞ്ഞുചട്ടീ അപ്പച്ചട്ടീ ചട്ടിയിൽ നിറയെ അപ്പം താ...." പറഞ്ഞു തീർന്നില്ല അതിനു മുമ്പേ ദാ അപ്പച്ചട്ടിയിൽ നിറയെ അപ്പം!

ഇതൊക്കെ കോമുണ്ണി കാണുന്നുായിരുന്നു. ഹമ്പട! ഈ അപ്പച്ചട്ടി രാത്രി കട്ടോു പോകണം. നിറയെ അപ്പം തിന്നാം ആർത്തിക്കാരന്റെ കോമുണ്ണി വിചാരിച്ചു.

കോമുണ്ണി ഓടിയോടി ഒരു പാറ പുറത്തെത്തി എന്നിട്ട് അപ്പച്ചട്ടി പാറപ്പുറത്ത് വച്ചിട്ട് "കുഞ്ഞി അപ്പച്ചട്ടി ചട്ടിയിൽ നിറയെ അപ്പം താ..."

കോമുണ്ണി പറഞ്ഞു. തീർന്നില്ല അതാ അപ്പച്ചട്ടിയിൽ നിറയെ അപ്പം! കോമുണ്ണിക്ക് കൊതി സഹിക്കാനായില്ല. അവൻ അപ്പമെടുത്ത് ഒറ്റക്കടി "കംമിടിൻ...." ദാ കിടക്കുന്നു. കോമുണ്ണിന്റെ ര് പല്ല് താഴെ കോമുണ്ണി ചോദിച്ചപ്പോൾ. അപ്പച്ചട്ടി കൊടുത്തത് അപ്പം പോലെ ഉരു കല്ലുകളായിരുന്നു! കോമുണ്ണിക്ക് ഇരുട്ടത്ത് കല്ലു കിട്ട് മനസ്സിലായതുമില്ല.

കോമുണ്ണി വേഗം അപ്പച്ചട്ടി അപ്പൂപ്പന്റെ വീട്ടിൽ തന്നെ കൊുവെച്ചു. പിന്നീടൊരുക്കലും അവൻ ആർത്തി കാണിച്ചിട്ടില്ല.

***ഫസീന***
**VIII.B**

# <u>നൃത്തരൂപം- സംസ്ഥാനം</u>

| | |
|---|---|
| മോഹനിയാട്ടം, ഓട്ടൻതുള്ളൽ, കഥകളി | കേരളം |
| രാംസലീല, തിഫനി | ഗുജറാത്ത് |
| ബിഹു, ദജാബലി | അസം |
| ജതജിതൻ, ബിദസിയ | ബീഹാർ |
| യക്ഷഗാനം | കർണ്ണാടക |
| മണിപ്പൂരി | മണിപ്പൂർ |
| ലേംത്ത, മാഹു | മദ്ധ്യപ്രദേശ് |
| ലെസിം, ലാവണി | മഹാരാഷ്ട്ര |
| ഒഡീസി, ബഹാകവാട | ഒഡീഷ |
| ഭംഗ്റ, ഗിഡ | പഞ്ചാബ് |
| കുമയോൺ | ഉത്തരാഞ്ചൽ |
| കാഥി, ജാത്ര | ബംഗാൾ |
| ഭരതനാട്യം, തെരുക്കൂത്ത് | തമിഴ്നാട് |
| കുച്ചുപ്പുടി, മയൂര, കൊട്ടം | ആന്ധ്രപ്രദേശ് |

***എസീന***

## ദേഷ്യം മാറ്റിയ പുതുവർഷം

മഹാദേഷ്യക്കാരിയായിരുന്നു മാർഗരറ്റ് മുത്തശ്ശി. മുത്തശ്ശിയുടെ മക്കളെല്ലാം ദൂരെയാണ് താമസം. ഒറ്റയ്ക്കുള്ള ജീവിതം മുത്തശ്ശിയെ കൂടുതൽ ദേഷ്യക്കാരിയാക്കി.

അങ്ങനെയിരിക്കെ മഞ്ഞുകാല അവധി വന്നു. പേരക്കുട്ടിക്കളായ ലിയോണും ലിസയും അവധിക്കാലം ആഘോഷിക്കാൻ മുത്തശ്ശിക്കരികിൽ എത്തി. മഹാവികൃതി കളായിരുന്നു രുപേരും അവർ മുത്തശ്ശിയുടെ പരുപരുത്ത മെത്തയിൽ ചാടി ക്കളിച്ചു. ക്ലോക്കിലെ സമയം തെറ്റിച്ചു വച്ചു. ഇതെല്ലാം മാർഗരറ്റ് മുത്തശ്ശിയെ വല്ലാതെ ദേഷ്യം പിടിപ്പിച്ചു.

"ന്യൂ ഇയർ കഴിഞ്ഞാൽ 2– ഉം സ്ഥലം വിട്ടോളണം" മുത്തശ്ശി പറഞ്ഞു.

ന്യൂ ഇയറിന്റെ തലേദിവസം കുട്ടികൾ മുത്തശ്ശിയുടെ ചുവപ്പു കമ്പിളിയുമായി മുറ്റത്ത് കൂടാരം ഉാക്കാനുള്ള ശ്രമത്തിലാണ് അതുക് മാർഗരറ്റ് മുത്തശ്ശിക്കു ദേഷ്യം വന്നു.

"വികൃതിപ്പിള്ളരേ .....നിങ്ങളെ ഞാനിന്നു ശരിയാക്കും". മുത്തശ്ശി ഒരു വടിയു മായി ചെന്നു. മുത്തശ്ശിയെ ക് കുട്ടികൾ പൊട്ടിച്ചിരിച്ചു കൊ് ഓടി. മുത്തശ്ശി പിന്നാലെ യും. പെട്ടെന്നാണ് അതു സംഭവിച്ചത് മുത്തശ്ശി മഞ്ഞിൽ തെന്നി വീണു.

"അയ്യോ!" മുത്തശ്ശി കരഞ്ഞു പോയി. അയൽക്കാർ മുത്തശ്ശിയെ താങ്ങി എടുത്ത് വീട്ടിൽ കൊുകിടത്തി. "മുത്തശ്ശി ..... കാൽ ഉളുക്കിയിരിക്കുവാ. ഒരു ദിവസം നന്നായി വിശ്രമിക്കണേ" ഡോക്ടർ പറഞ്ഞു. രാത്രിയായി മുത്തശ്ശിയുടെ മുറി യിൽ നിന്ന് ശബ്ദം കേട്ട് ലിയോണും, ലിസയും പതുങ്ങി ചെന്നു.

"ദൈവമേ .... ന്യൂ ഇയർ ആയിട്ട് കുഞ്ഞുങ്ങൾക്കു നല്ല ഭക്ഷണം ഉാക്കി കൊടു ക്കാൻ പോലും എനിക്ക വയ്യാതായല്ലോ അവരുടെ കുസൃതികൾ ക് സന്തോഷിക്കാനും കഴിഞ്ഞില്ല. എന്റെ ദേഷ്യമാണ് എല്ലാത്തിനും കാരണം" മാർഗരറ്റ് മുത്തശ്ശി സങ്കടപ്പെട്ടു.

അതുകപ്പോൾ ലിയോണും, ലിസയും സങ്കടമായി. ന്യൂ ഇയർ ദിവസം കുട്ടികൾ നേരത്തെ ഉണർന്നു. റൊട്ടിയും, വെണ്ണയും, പഴങ്ങളും, ജൂസും എല്ലാമായി അവർ മുത്തശ്ശിക്കരികിലെത്തി. "ഹാപ്പി ന്യൂ ഇയർ മുത്തള്ളി .....മുത്തശ്ശിക്ക് സുഖമാകും വരെ എല്ലാം ഞങ്ങൾ ചെയ്തോളാം കേട്ടോ. ഇനി വികൃതിയൊന്നും കാട്ടില്ല." അവർ മുത്തശ്ശിക്ക് ഉമ്മ കൊടുത്തു.

"എന്റെ കുഞ്ഞുങ്ങളെ .... മുത്തശ്ശി ഇനി ആരോടും ദേഷ്യപ്പെടില്ല സത്യം."

മാർഗരറ്റ് മുത്തശ്ശി കുട്ടികളെ കെട്ടിപ്പിടിച്ചു. അങ്ങനെ ആ അവധിക്കാലം മുത്തശ്ശിയും കുട്ടികളും കളിയും തമാശകളുമായി ആഘോഷമാക്കി.

***ശ്രീദിവ്യ.എം***

**VIII.A**

# <u>ഗണിത നടത്തം</u>

ഗണിത നടത്തം വിസ്മയകരമായിരുന്നു. ലീഡ് കോളേജ് തന്നെ ഗണിത രൂപങ്ങളുടെ കലവറയായിരുന്നു. കേറിയതു മുതലുള്ള ചിത്രശലഭം, സിംഹം, ഡ്രാഗൺ, കിളിക്കൂട്, ഏറുംമാടം എല്ലാം ഗണിതമയം. നീന്തൽ കുളമാകട്ടെ ദീർഘചതുരാകൃതിയിൽ ഏഴടി താഴ്ചയും പച്ചനിരവും വല്ലാതെ ആകർഷിച്ചു. അവിടെയുള്ള ചെടികൾക്കും പൂക്കൾക്കും ഗണിത രൂപമാണെന്ന് തോന്നി.

വൃത്താകൃതിയിലുള്ള ആ ടയറിലെ ഊഞ്ഞാലാട്ടം മറക്കാൻ കഴിയുന്നില്ല. അവിടുത്തെ ക്രിക്കറ്റ് ഗ്രൗ, ഫുട്ബോൾ ഗ്രൗ ചതുരാകൃതിയിലാണ്. അതിൽ പ്രിയം തോന്നി. പ്രകൃതി മുഴുവനും ഗണിതത്തിൽ കുളിച്ചു നിൽക്കുന്നതായി എനിക്ക് തോന്നി. നിങ്ങളും ആ വിസ്മയങ്ങൾ കതാണല്ലോ. എല്ലാം ഗണിതമയം. ശരിയാണ് ഗണിതം അതിസുന്ദരം തന്നെ

***സജു***

**VII.A_**

# <u>ഗണിതം ആശംസകൾ</u>

കൈ പിടിയിൽ ഒതുങ്ങാത്ത വർണ്ണിക്കാനാവാത്ത ഗണിത വിസ്മയങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. ആ വിസ്മയ ലോകത്തേക്കുള്ള ചെറിയ കാൽവെയ്പ്പു മാത്രം. മയിലിന്റെ ശിരശ്ശിലെ ചൂഢമായും, സർപ്പത്തിന്റെ മൂർധാവിലെ രത്നമായും ഗണിതത്തെ ശാസ്ത്രങ്ങളിൽ അലങ്കരിക്കണമെന്ന് പറഞ്ഞു കൊ് ഗണിത ശാസ്ത്രത്തിന്റെ സാഗര നീലിമയിൽ നീന്തി തുടിക്കാൻ വിദ്യാർത്ഥികളായ നമുക്ക് കഴിയാൻ ഈ ഗണിതോത്സവം ഒരു വഴികാട്ടിയാകട്ടെ എന്ന് ആശംസിച്ചുകൊ് ന ിർത്തുന്നു.

നന്ദി, നമസ്ക്കാരം

***വിഷ്ണു***
**VI.A**

# പിരിയോഡിക് ടേബിൾ @ 150

ലോകത്തെ ഏറ്റവും പ്രശസ്തമായ പട്ടിക രാസമൂലകങ്ങളുടെ പിരിയോഡിക് ടേബിൾ തന്നെ! അറിയപ്പെടുന്ന 118 മൂലകങ്ങളുടെ പട്ടികയാണതെന്ന് ലളിതമായി പറയാം. ഈ മഹാപ്രപഞ്ചത്തിലെ അറിയപ്പെടുന്ന മുഴുവൻ ആറ്റങ്ങളിലേക്കുമാണ് മുഴുവൻ മൂലകങ്ങളിലേക്കുമാണ് പുതിയ വാതായനം. പ്രപഞ്ചത്തിലേക്ക് തുറന്നുതരുകയാണ് പിരിയോഡിക് ടേബിൾ ചെയ്യുന്നതെന്ന് സാരം. ഇതുകൊണ്ട് 2019 നെ അന്താരാഷ്ട്ര പിരിയോഡിക്കൽ ടേബിൾ വർഷം ആയി യു.എൻ. ആചരിക്കുന്നത് അതുകൊണ്ട്.

എത്ര നനഞ്ഞു കുതിർന്നാലും
എത്ര വിയർത്തു കുളിച്ചാലും
ഒട്ടും പരിഭവമില്ലാതെ
ഒരു ഒറ്റക്കാലൻ 'കുട' വയറൻ
നാട്ടിൽ ചെന്നാൽ ഗമയോടെ
നീു നിവർന്നു നടക്കുമിവൻ
വീട്ടിൽ വന്നാൽ പാവത്താൻ
ചാരിയിരുന്ന് മയങ്ങിടും.

## പ്രളയകാലം

കരിമേഘത്തിരമാലകൾ
തെളിവാനം പൊതിയുമ്പോൾ
പകലിരവുകൾ പെരമാരി
കലിതുള്ളിപ്പെയ്യുമ്പോൾ
പുഴയൊക്ക കരയേറ്റം
മലയോക്ക നടുപിളരും
മരമൊക്കെ കടപുഴകും
പുരയൊക്കെത്തറപറ്റും
നരനാരികൾ നാൽക്കാലികൾ
നിലതെറ്റിപ്പാടുപ്പെടും.

മഴയറുതിക്കൊടുവിൽ പക-
ലൊരു നാളിൽ പുലരുമ്പോൾ
കുടിലില്ലാ, വീടില്ല
വയലില്ലാ, വിളയില്ല
തെരുവൊക്കെത്തോടായി
കടലോക്കെകിണറായി
ഒരു നേരം വെച്ചുണ്ണാ
നൊരു തരിയരിമണിയില്ല.

ഉറ്റവരിൽ ചിലരില്ല
തിരയാനിനിയിടമില്ല
കരുണയ്ക്കായ് കൈകൂപ്പി
കരയുന്നു നാടാകെ

ഒരു മെയ്യായൊരുമനമാ-
യവിടെ നാമെത്തേണം
കനിവിൽ കടലൊഴുകേണം
കൈതാങ്ങായ്ത്തിരേണം
ചുടുകണ്ണിരൊപ്പേണ്ണം
ഹൃദയം പകുക്കേണം
അവിടൊക്കെ ജീവിതം
ഇനിയും തളിർക്കേണം
അതിജീവനത്തിന്റെ
കൊടികൾ പരക്കേണം
അതിനിടയിലൊരു നാളു-
മോർക്കാതെ പോകേ
മുറിവേറ്റ പ്രകൃതി
പഠിപ്പിച്ച പാഠങ്ങൾ

**~ ജ്യോതിഷ്.പി ~**
**IX.B**

## തോന്നലുകൾ

പാതയോരത്തൊരു പുല്ലിനെ
കാണുമ്പോഴുണ്ണിക്കു താനെന്നു തോന്നും.

അപ്പച്ചിലകളും ഒറ്റ മഞ്ഞപ്പൂവും

പൂവിന്നിതളിലെ മഞ്ഞും
ഉള്ളൊരാരാളാണു താണെന്ന
പോലുണ്ണിരിക്കും.

പാതയോരച്ചെയ
പ്പുല്ലിൽ ചവിട്ടാതെ
ഉണ്ണി പതുക്കെ നടക്കും

കുഞ്ഞിക്കുരുവിയെ,
കുയിലിനെ കാണുമ്പോഠ–
ഴുണ്ണിക്കും ചിറകു പിടയ്ക്കും.

## ജീവശാസ്ത്രം ക്വിസ്

1. അമിത മദ്യപാനം മുലം പ്രവർത്തന ക്ഷമമല്ലാതാകുന്ന അവയവം? കരൾ
2. പേപ്പട്ടി വിഷത്തിനുള്ള പ്രതിവിധി കുപിടിച്ചതാര്?. ലൂയി പാസ്ചർ
3. മനുഷ്യ ശരീരത്തിലെ ഏറ്റവും നീളം കൂടിയ അസ്ഥി ഏത്? തുടയെല്ല്
4. ഹ്രസ്യദൃഷ്ടി അഥവാ ഷോർട്ട് സെറ്റ് വൈദ്യശാസ്ത്രപരമായ പേര് എന്ത്? മയോപ്പിയ

5. ജ്ഞാനേന്ദ്രിയങ്ങൾ ഏതൊക്കെ? കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക്
6. ജീവികളെ തിരിച്ചറിഞ്ഞ് ശരിയായ പേര് നൽകി വർഗീകരിക്കുന്ന ശാസ്ത്ര ശാഖ? ടാക്സോണമി
7. തലച്ചോറിലെ ഏറ്റവും വലിയ ഭാഗം? സെറിബ്രം
8. മിന്നാമിനുങ്ങ് പ്രകാശിക്കുന്നത് ഏത് രാസവസ്തുവിന്റെ സാന്നിധ്യം കൊണ്? ലൂസിഫെറിൻ.

# റിപ്പബ്ലിക്ക് ദിനം

ജനുവരി 26 റിപ്പബ്ലിക്ക് ദിനമാണെന്ന് നമുക്കറിയാം. എന്താണ് റിപ്പബ്ലിക്ക് ദിന മെന്നാൽ? അന്നാണ് നമ്മുടെ രാജ്യത്തിന്റെ പരമോന്നതമായ ഭരണഘടന നിലവിൽ വന്നത്. ഒരു രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ മുഖേന അത് വിനിയോഗിക്കുകയും ചെയ്യുന്ന ഭരണസമ്പ്രദായമാണ് റിപ്പബ്ലിക്ക്.

1947 ൽ സ്വാതന്ത്ര്യം നേടിയെങ്കിലും നമുക്ക് നമ്മുടേതായ ഒരു ഭരണഘടന ഉാ യിരുന്നില്ല. രാജ്യം ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന മൂല്യങ്ങളും പൗരന്മാരുടെ അവ കാശങ്ങളും അധികാരങ്ങളും നടപടിക്രമങ്ങളും എല്ലാം വിശദമാക്കുന്നതാണ് ഭരണഘടന. രു വർഷം, പതിനൊന്ന് മാസം, പതിനെട്ട് ദിവസം ഉപയോഗിച്ചു കൊാണ് നമ്മുടെ ഭരണഘടന തയ്യാറാക്കിത്.

**~ ജ്യോതിഷ്.പി ~**
**IX.B**

## ശാഠ്യക്കാരി

മഞ്ഞുതുള്ളിക്ക് എന്തൊരു ശാഠ്യമാണെന്നോ.
അമ്മയായ കാറ്റിനോട് അവൾ വെറുതെ വാശി പിടിക്കും. കാറ്റ് അപ്പോൾ എന്തു ചെയ്യുമെന്നോ?
അതിന്റെ തൂവല് പോലത്തെ കൈകളിൽ കോരിയെടുത്ത് വാവാവോ പാടി അതിലേ ഇതിലേ നടക്കും.

ഒരു ദിവസം രാവിലെ മഞ്ഞുതുള്ളി പറഞ്ഞു. ''എനിക്ക് ഊഞ്ഞാല് വേണം'' കാറ്റിന് ഉത്സാഹമായി. വാ വന്ന് എന്റെ മടിയിലിരിക്ക്. ഞാൻ ഉഞ്ഞാലാട്ടാലോ.

''ഊ ഹൂ–'' മഞ്ഞ് തുള്ളി കിണുങ്ങി.

''വേറെ ഊഞ്ഞാൽ''

കാറ്റ് ഉടനെ താഴെയുള്ള പുൽത്ത് വളച്ച് ഒരു ഊഞ്ഞാലുാക്കി. ''വാ, ഊഞ്ഞാൽ റെഡി''

ഇലപ്പരപ്പിൽ ഉരു് വന്ന് മഞ്ഞ് തുള്ളി ഒന്ന് നോക്കി. ഇത്തിരിപോരുന്ന ഒരു കറുക പ്പുൽത്ത്! ''ഇതും വേ'' അതിന്റെ മുഖം ഇരു്ു. അമ്മക്കാറ്റ് വെപ്രാളപ്പെട്ട് ഓടി നടന്നു. അപ്പോഴാണ് തേൻമാവിന്റെ ര് ചില്ലയ്ക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്ന കുഞ്ഞൻ ചിലന്തിയെ കുമുട്ടിയത്. ചിലന്തി അന്വേഷിച്ചു.

''ന്താ ഒരു വെപ്രാളം?'' കാറ്റ് കാര്യം പറഞ്ഞു.

''ഊഞ്ഞാല് തേടിപ്പോവുകയാണ്'' ''ഇത്രേയുള്ള'' കൂഞ്ഞാൽ മഴത്തുള്ളിയെ കൊു വന്നോളൂ'' അമ്മക്കാറ്റ് ആശ്വാസത്തോടെ തിരിച്ചോടി. മഞ്ഞുതുള്ളിയെ ചുമലിലിരുത്തി വന്നപ്പോഴേക്കും കൂഞ്ഞാൽ ഊഞ്ഞാൽപ്പണി തീർത്തിരുന്നു. നേർത്ത പട്ടുനൂൽ വലക ൾ കൊ് തീർത്ത മനോഹരമായ ഒന്ന്. അതിനിടയിലൂടെ ഓടിക്കളിക്കുന്ന കുഞ്ഞു സൂര്യരശ്മികളോട് കൈകോർത്ത് മഞ്ഞുതുള്ളി ആ ഊഞ്ഞാലിലേക്ക് ചാടിക്കയറി. ഹായ് എന്തു രസം! അതിന് സന്തോഷമായി അമ്മക്കാറ്റ് കുഞ്ഞൻ ചിലന്തിക്ക് ന ന്ദി പറഞ്ഞു.

**~ജ്യോതിഷ്.പി ~**
**IX.B**

## പാവയൂണ്

പാവയൂണിനൊരുക്കാം നീ പോയ് പറയോരെ വിളിച്ചോളൂ. പാറുകയായി മിന്നുക്കുട്ടി

യോരാളോം വിടുവാൻ പാടില്ല. മുറ്റത്തെപ്പഴിലെ മാറ്റി, തുത്തു നിരത്തി വെടിപ്പാക്കി. സാരി നീട്ടി പന്തവുമിട്ടു നേരം കഴിയാറായല്ലോ .സാരമില്ലാ കളിയല്ലേ, യി പാചക മൊരു കൺകെട്ടല്ലേ?
പ്ലാവില, കറുക, ഉണക്കത്തോലും പൂവും കോലും ചെമ്പരലും
കോരവിളമ്പാനമ്മ വരുമ്പോൾ ആരാർ വന്നു നിരക്കുന്നു....
കാലുമെന്തു നടക്കും നായ ആകെ നനഞ്ഞൊരു പെൺപൂച്ച
കാലോടിഞ്ഞൊരു കണ്ണില്ലാത്തൊരു പാവം കാക്ക വയസ്സത്തി !
കൊമ്പുമുളയ്ക്കാക്കൊച്ചനൊരാട് പല്ലില്ലാത്ത മനുകുട്ടൻ കുടമണി
കെട്ടിയ ചെമ്പിച്ചിപ്പയ്യരികേ താറാവിൻ കൂട്ടം കോഴിക്കൂടു
തുറന്നൊരു കൂട്ടർ, ചോണനുറുമ്പിൽ പടയോട്ടം!
അണ്ണാർക്കണ്ണൻ, വേട്ടാളന്മാർ, അരുമത്തുമ്പികൾ, പൂമ്പാറ്റ
അമ്പായ്പ്പായും. പൂങ്കുരുവി, പൂചെിലുറങ്ങും തേനീച്ച
ചപിറ്റിലക്കിളി, മൈനകൾ മണ്ണിൽക്കളിചുതിരാകുഴിയാന....
പാവയൂണിനു പന്തിയൊരുങ്ങേപ്പഴയ യശോദ പിറക്കുന്നു.
ആരിവർ, എന്ത്? പ്രപഞ്ചം മുഴുവൻ ആയമ്മയ്ക്ക പകയ്ക്കുന്നു!
പറയുകയാണ് ഇത് കുറവായമ്മേ പലരും വരുവാനൊത്തില്ല
ഇവൾക്കു പുഞ്ചിരിയുലോ ചെന്തൊരൊറ്റ വറ്റാൽ നിറയിക്കാൻ.

~ ജ്യാതിഷ്.പി ~
IX.B

## സ്നേഹത്തിരമാല

അടുപ്പിൽ അന്നും കനലെരിയുന്നുായിരുന്നു
ഒരു രാത്രി മിഴി തുറന്നതിൻ മുൻപേ
പാതിമയക്കത്തിലും ഞാനറിഞ്ഞു

തേരിലേയ്ക്കേറി കഴിഞ്ഞു എന്നമ്മ
കനിവ് പെയ്തുപെയ്ത്
ഒരു കടൽ സൃഷ്ടിച്ച്
നന്മ വിരിയിപ്പിച്ച്
ഒരു തോണി ചേക്കേറുന്നു.
ദൂരെ സായാഹ്നസൂര്യൻ മായുമ്പോഴും
അമ്മ അണയാറില്ലാ
ആളുന്നു നാളമായ്
പൊരിയുന്ന ദു:ഖങ്ങൾ അലയടിക്കുമ്പോൾ
നനയാതെ നനയുന്നു
പതറാതെ പൊരുതുന്നു
മധുരമന്ദഹാസങ്ങൾക്കപ്പുറം
ജീവന്റെ ഉപ്പ് വേവുന്നു
ആ നെഞ്ചകം
ഒഴുകുന്നു ലക്ഷ്യങ്ങളില്ലാതെ മുന്നിലെ
കാളുന്ന വഴിയിലായ്
കടലായ് നിവേദ്യമായ്

***ആദിത്യ.ടി.ജി***

## <u>കരിവിളക്കുകൾ</u>

ര് വിളക്കുകള്ള്,
സ്വപ്നങ്ങളിൽ
ഭയപ്പാടിന്റെ കരിനിറം അണിഞ്ഞവർ,
മൗനം കലർത്തിയ
കണ്ണീരുമാത്രം കുടിക്കുന്നവർ,
രാത്രിയുടെ കരിം പുതപ്പിന്റെ
വിടവുകളിലൂടെ എത്തി നോക്കുന്ന

നക്ഷത്രങ്ങളോട്
കിന്നാരം പറയുന്നവർ.
പക്ഷേ......
കരിമേഘങ്ങളിൽ വിരുന്നെത്തിയ ചെകുത്താൻ
അവയെ പ്രണയിച്ചു തുടങ്ങിയതെപ്പോഴാണ്?
വെറിപൂ അവന്റെ കണ്ണുകൾ
അതിലെ എണ്ണ വറ്റിച്ചതെപ്പോഴാണ്?
അറിയില്ല
ഒന്നുമാത്രമറിയാം
ആ വീടിന്റെ ഉമ്മറത്ത്
ചോദ്യചിഹ്നങ്ങൾപോലെ
രു വിളക്കുകൾ തൂങ്ങിയാടുന്നു്
ഒരു നാൾ കഴിഞ്ഞാൽ
അതു വാങ്ങുവാൻ കാവൽക്കാരിയുടെ കടയിൽ
അവരതു തൂക്കി വിൽക്കും
നിരോധിച്ച നോട്ടുകൾ പ്രതിഫലം വാങ്ങി കൊ്...

***ആദിത്യ.ടി.ജി***

## <u>ധർമ്മിഷ്ഠൻ</u>

ഞങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്പ്
വാനിലേയ്ക്കുയർന്ന നിന്റെ ശാഖകളിൽ
കൂടുകെട്ടാൻ നീ അനുവദിച്ചതിലാണ്......
പൂത്തുലഞ്ഞ നിൻ പഞ്ചവർണപ്പഴങ്ങളാൽ
ഒരു പാടു നേരങ്ങളിൽ വിശപ്പാക്കിയതാണ്.....
വിടർന്നു നിൽക്കുന്ന നിന്റെ
ചന്തമേറിയ പച്ചിലകളാൽ
നീ തണലേകി സംരക്ഷിച്ചതാണ്....

സംരക്ഷിക്കപ്പെടുമെന്നറപ്പുള്ള
നിന്റെ പാദത്തിൽ
ഒത്തിരി ജീവിതം കഴിച്ചുകൂട്ടിയാണ്
വയലുകളുടെ ചിരിയിൽ
ശത്രുവിനെ മിത്രമാക്കിയും
താഴ്വരകളുടെ സന്തോഷത്തിൽ
സങ്കടത്തെ ഉത്സവമാക്കിയും
അരുവികളുടെ മന്ദഹാസത്തിൽ
പേമാരിയെ സുന്ദരമാകിയും
നിന്റെ ജീവിതം ആഘോഷിക്കുന്നുവെങ്കിൽ
നീ ധർമ്മിഷ്ടനാവണം!.

***ആദിത്യ ടി.ജി***

## <u>പ്രണയം</u>

തിരകൾ പ്രതികരിക്കുന്നു,
പ്രതിഷേധിക്കുന്നു,
പ്രണയിക്കുന്നു.
കാമുകനായ കരയെ പുണരാൻ
ഓടിയടുക്കുമ്പോഴും
ചുറ്റും മുഴങ്ങും ശബ്ദങ്ങൾ
അവളെ പിറകോട്ട് പിടിച്ചു വലിക്കുന്നു
അറിയാതെ തോന്നിയ പ്രണയം
ഭയത്തിന്റെ നിഴൽപാടുകളാകുന്നു
വെന്തുരുകിയ വികാരങ്ങൾ
അവൾക്കു ചുറ്റു പൊട്ടിച്ചിരിക്കുന്നു
കത്തിയ മരുന്നു രൂപവും
മുടിയിഴകൾക്കിടയിൽ
ചുറ്റിപ്പിണഞ്ഞ കയർത്തുമ്പുകളും
അവളെ പ്രതികാരദാഹിയാക്കുന്നു
കടന്നു കൂടിയ വികാരം
ഇരുട്ടിലൊളിക്കാൻ തയ്യാറാവുന്നില്ല
അകലങ്ങൾ അടുത്താണെന്ന് ഓർത്തുകൊ്

മനസ്സിനെ വിദൂരതയിൽ ഇറക്കിവെച്ച്
പ്രണയിനിയായി
വീും അടുക്കുന്നു, അകലുന്നു
പ്രത്യാശ പ്രതീകമായി

**☼ ആദിത്യ.ടി.ജി☼**

## മത്സരം

അഴിഞ്ഞുവീണ കടൽ
ഒഴുക്കിൽപ്പട്ട്,
ശ്വാസം മുട്ടിയപ്പോൾ,
തിരിയെ തോൽപ്പിക്കാനുള്ള
ഓട്ടത്തിൽ,
വിയർത്തൊലിച്ച കണ്ണീർ,
അവിടം നിശ്ചലമായി

## ഇല

കൊഴിയാനല്ല,
വാടാനുമല്ല
നാളെയുടെ പുതുവസന്തമായി
മരത്തിൽ ശിഖരത്തിൽ
ഉയർന്നു നിൽക്കാനാണ്
എനിക്കിഷ്ടം

**☼ ആദിത്യ.ടി.ജി☼**

## തൂക്കങ്ങൾ

## അളവുകൾ

## മാറ്റപ്പട്ടികകൾ

| സമയം | |
|---|---|
| 60 സെക്കന്റ് | 1 മിനിറ്റ് |
| 60 മിനിറ്റ് | 1 മണിക്കൂർ |
| 24 മണിക്കൂർ | 1 ദിവസം |

| | |
|---|---|
| 7 ദിവസം | 1 ആഴ്ച്ച |
| 30 ദിവസം | 1 മാസം |
| 12 മാസം | ഒരു വർഷം |
| 365 ദിവസം | 1 വർഷം |
| 10 കൊല്ലം | 1 ദശാബ്ദം |
| 100 കൊല്ലം | 1 ശതാബ്ദം |

| **ക്യൂബിക്ക് അളവ്** | |
|---|---|
| 1000 ക്യൂ. മി.മി | 1 ക്യു.സെ.മി |
| 1000 ക്യൂ. സെ.മി | 1 ക്യു.ഡെ.മി |
| 1000 ക്യൂ. ഡെ.മി | 1 ക്യു.മി |

| **മരത്തിന്റെ അളവ്** | |
|---|---|
| 24 പെരുക്കം | 1 തൂട |
| 24 തുട | 1 കി |
| 1 കി | ഒരു കോൽ നീളവം അത്ര തന്നെ വീതിയും കനവുമുള്ള മരത്തിന്റെ വ്യാപ്തി |

| **എണ്ണം** | |
|---|---|
| 2 എണ്ണം | ഒരു ജോഡി |
| 12 എണ്ണം | ഒരു ഡസൻ |
| 20 എണ്ണം | 1 സ്കോർ |
| 12 ഡസൻ | 1 ഗ്രോസ് |
| 144 എണ്ണം | 1 ഗ്രോസ് |


| **കടലാസിന്റെ എണ്ണം** | |
|---|---|
| 24 പായ കടലാസ് | 1 ക്വയർ |
| 20 ക്വയർ | 1 റീം |
| 1 റീം | 500 എണ്ണം |

## ഐസക്ക് ന്യൂട്ടൺ


ഇംഗ്ലിഷ് ഗണിതശാസ്ത്രജ്ഞനും ഊർജ്ജതന്ത്ര ശാസ്ത്രജ്ഞനുമായ ന്യൂട്ടൺ സ്വന്തം സിദ്ധാന്തങ്ങളിലുടെ ശാസ്ത്രചിന്തകൾക്ക് ഗണ്യമായ പരിവർത്തനമുാക്കി ജ്യോതിശാസ്ത്രത്തിൽ അദ്ദേഹത്തിന് പ്രായോഗികവും സൈദ്ധാന്തികവുമായ വലിയ അറിവുായിരുന്നു. ഇന്നും ഉപയോഗിക്കപ്പെടുന്ന ഗുരുത്വാകർഷണ നിയമവും(Law of Gravity) ചലനനിയമവും (Law of Motion) ന്യൂട്ടന്റെ കുപിടുത്തമാണ്. ധവള പ്രകാശത്തെ(White Light) സ്പെക്ട്രത്തിന്റെ നിറങ്ങളായി വേർതിരിച്ചെടുത്ത ആദ്യത്തെ ആളാണദ്ദേഹം. പ്രകാശത്തെക്കുറിച്ചുള്ള ഗവേഷണം ഒരു പ്രതിഫല ദൂര ദർശിനിയുടെ (Reflecting Telescope) കുപിടിത്തത്തിലേക്ക് അദ്ദേഹത്തെ നയിച്ചു.

**~ ഫസീന ~**
**VIII.B**


# <u>ചതുർഭുജങ്ങൾ</u>



ചതുരം (Rectangle)




സമചതുരം (Square)



ന്തരികം

(Parallelogram)





ലംബകം
(Rhombus)

സമപാർശ്വലംബകം
(Isosceles Trapezium)



**എസ്.എസ്.എൽ.സി കൗൺസിലിങ്ങ് ക്ലാസ്**



**ഗണിതോത്സവം**



**എസ്.എസ്.എൽ.സി രാത്രി**




**School JRC**



**ഭിന്നശേഷി ദിനാഘോഷം**




**ഭിന്നശേഷി ദിനാഘോഷം**



# Corner PTA



**പഠനയാത്ര**



**ഉച്ചഭക്ഷണം**




**വിദ്യാലയം പ്രതിഭയോടൊപ്പം**





**റിപ്പബ്ലിക്ക് ദിനാഘോഷം**

**കലാസാംസ്കാരിക പരിപാടി**

**പാലക്കാട് കോട്ടമൈതാനത്ത്**